ഉദ്യോഗസ്ഥന്മാരും daily അലവൻസിൽ നിന്നു് എന്തെങ്കിലും ചില്ലറയായി ട്ടെങ്കിലും മരുതുക സമ്പാദിക്കുന്നുണ്ടു്.

മിസ്റ്റർ എ. മാധവപ്രഭു: ശമ്പളം കൊടുക്കുന്നതു ക്ഷേണത്തിനുവേണ്ടി യാണു്. ഫ്ഫ ൦ വ്യവരെ ഈ റേറു ആറണയും നാലണയും ആയിരുന്നു. ഇപ്പോൾ നാലണ എന്നുള്ളതു് ആറണ ആക്കീട്ടുണ്ടു്. ആറണ എന്നുള്ളതു് എട്ട ണയാക്കീട്ടുണ്ടു്. ഇതുപോരായെന്നാണു് ആക്ഷേപം. ഇനിയും കൂട്ടതലാ ക്കാനുള്ള കാരണങ്ങളൊന്നും ഞാൻ കാണുന്നില്ല. എന്നതന്നെയല്ല ഇപ്പോൾ സകലസാധനങ്ങൾക്കും വില കുറഞ്ഞാണു വന്നിട്ടുള്ളതു്. അതുകൊണ്ടു ഞാൻ ഈ മോഷനെ എതിർക്കുന്നു.

മിസ്റ്റർ സി. വി. ഇയ്യു. ഈ ഉപക്ഷേപത്തെ എനിക്കു പ്രസ്സുചെയ്യാ തെ നിവൃത്തിയില്ല. ഇതിനെക്കുറിച്ചു മറുപടി പറയാനൊന്നുമില്ല. സാ ധുക്കളുടെ കാര്യത്തിൽ ഗവൺമെൻറു പിശുക്കു കാണിക്കരുതെന്നാണു ഞാൻ ആവശ്യപ്പെട്ടതു്. ഫ്ഫ ൦ വ്യ മുതൽക്കു സാധനങ്ങൾക്കു വില വള രെ കുറഞ്ഞു എന്നു പറയുവാൻ നിവൃത്തിയില്ല. വാസ്തവത്തിൽ വില കൂട്ട കയാണു ചെയ്തിട്ടുള്ളതു്. വളരെക്കാലമായിട്ടു ഇങ്ങനെയാണു് എന്നു പറ യുന്ന സമ്പ്രദായം നിങ്ങൾ മാറണം. വളരെക്കാലംമുമ്പു ദിവാൻപേഷ്കാർക്കു പേഴ്സനൽ അസിസ്റ്റൻറുണ്ടായിരുന്നില്ല. അപ്പോൾ പഴയകാര്യം പറ ഞ്ഞിട്ടു കാര്യമില്ല. ഇപ്പോഴത്തെ സ്ഥിതിഗതികളാണു നോക്കേണ്ടതു്. അ തുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പ്രസ്സുചെയ്യുന്നു.

Mr. C. R. Iyyunni *(Trichur-South):* On a point of information, what will be the approximate amount that Government will have to spend if this proposal is adopted?

Mr. A. Madhava Prabhu *(Diwan Peishkar):* There are a large number of persons. The amount would come to not less than 4 or 5 thousand rupees.

Motion put and carried, 18 voting for and 16 against.

Cut Motion No. 8
Furnishing of the village offices

Mr. K. S. Panickar *(Ezhuvas-Mukundapuram):* I move the following cut motion.—

"To reduce the allotment of Rs. 29,811 for contingencies by Re. 1".

This is to urge upon the Government the urgent necessity of providing the necessary furniture, etc., to all village offices.

സർ, ദിവാൻപേഷ്കാർ അവർകളുടെ ഡിപ്പാർട്ട്മെൻറിലേക്കു നീക്കിവെ ച്ചിട്ടുള്ള സംഖ്യയിൽനിന്നു കുറച്ചുസംഖ്യ പോയിക്കഴിഞ്ഞു. ഇനി ഇതിൽ നിന്നു കുറക്കുവാനായിട്ടുള്ള ഉദ്ദേശം എനിക്കില്ല. ഈ ഉപക്ഷേപം ഗവൺമെ ൻറു സ്വീകരിക്കുമെന്നാണു് എൻറെ വിശ്വാസം. ഇതിനുമുമ്പു ബഹുമന പ്പെട്ട നെല്ലായി മെമ്പർ മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ ഒരു ഉപക്ഷേപം ഇ വിടെ കൊണ്ടുവരികയും ഇതിൻറെ ആവശ്യകതയെ ഗവൺമെൻറിനെ മനസ്സി

LIBRARY ARCHIVES Kerala Legislative Assembly

ലാക്കുകയുംചെയ്തു. അതുമൂലം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടുന്ന ചില വില്ലേജ് കച്ചേരിയിലെങ്കിലും കുറച്ചു ഫർണീച്ചർ കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ള വില്ലേജ് കച്ചേരികളിലേക്കും ആവശ്യമുള്ള ഫർണീച്ചർ കൊടുക്കണമെന്നാണ് എനിക്കുപറയുവാനുള്ളതു്. ചില വില്ലേജ് കച്ചേരിയിൽ റിക്കാർട്ടുകൾതന്നെ സൂക്ഷിക്കുന്നതു നിലത്താണു്. അതൊക്കെ ചിതലെടുത്തുപോയാൽ ഗവൺമെൻറിനും നാട്ടുകാർക്കും ഒരുപോലെ നഷ്ടമാണു്. പഴയകാലങ്ങളിൽ നടന്നിരുന്നപോലെ തട്ടുകെട്ടി നിലത്തിരുന്നു് എഴുതുന്ന സമ്പ്രദായംചില വില്ലേജ് കച്ചേരിയിൽ ഇപ്പോഴും ഉള്ളതായിട്ടു് ധ്വനിക്കറിയാം. അതു നമ്മുടെ ഗവൺമെൻറിന്റെ അഭിമാനത്തിനു് ഒരിക്കലും അനുയോജ്യമല്ല. ഈവക എല്ലാഅവശതകളേയും പരിഹരിക്കുന്നതിനുവേണ്ടി, കുറച്ചുസംഖ്യ ഗവൺമെൻറു് ഏതെങ്കിലും ഇനത്തിൽനിന്നു് എങ്ങിനെയെങ്കിലും എടുത്തു് കുറെഫർണിച്ചർ ഉണ്ടാക്കി അത്യന്താപേക്ഷിതമാണെന്നു ബോദ്ധ്യപ്പെടുന്ന കച്ചേരികളിലെങ്കിലും കൊടുക്കണമെന്നാണു് ഞാൻ ഈ ഖണ്ഡോപക്ഷേപംകൊണ്ടു് ആവശ്യപ്പെടുന്നതു്.

മിസ്റ്റർ സി. വി. ഇയ്യു. മിസ്റ്റർ പണിക്കരുടെ നിയോജകമണ്ഡലത്തിലുള്ള വില്ലേജ് കച്ചേരിയിലേക്കാണോ കൊടുക്കേണ്ടതു്?

മിസ്റ്റർ കെ. എസ്സു്. പണിക്കർ. ആവശ്യം ആവശ്യമാണെന്നുകാണുന്ന ഏതെങ്കിലും വില്ലേജ് കച്ചേരിയിലേക്കു കൊടുത്താലും വിരോധമില്ല. ഈ സംഗതി ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പതിഞ്ഞു കാണണമെന്നുമാത്രമേ എനിക്കു പറയാനുള്ളൂ. ഇനി ഗവൺമെൻറിന്റെ അഭിപ്രായം അറിഞ്ഞതിനുശേഷം വല്ലതും പറയാനുണ്ടെങ്കിൽ പറഞ്ഞുകൊള്ളാം. ഈ ഉപക്ഷേപം നിയമസഭയുടെ അംഗീകരണത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ എ. മാധവപ്രഭു. കഴിഞ്ഞകൊല്ലം ൧,൫൦൦ ക. ഫർണിച്ചറിനു അനുവദിച്ചു. അതിൽ ൧,൪൫൮ ക. ചിലവാക്കീട്ടുണ്ടു്. ഇക്കൊല്ലം ൧൦൦ ക. ചിലവാക്കീട്ടുണ്ടു്. ഇങ്ങിനെ കുറേശ്ശെ കുറേശ്ശെ കൊടുക്കുവാനെ തരമുള്ളൂ. ഇതിൽകൂടുതൽ പെട്ടെന്നു് ഈ സന്ദർഭത്തിൽ ചെയ്യുവാൻ സാദ്ധ്യമല്ല. പ്രത്യേകമായിട്ടു് എവിടെയെങ്കിലും ആവശ്യമുണ്ടെന്നുകണ്ടാൽ അപ്പോൾ കുറശ്ശെ കൊടുക്കാം. ഇപ്പോൾ എല്ലാ വില്ലേജിലേക്കും ആവശ്യംപോലെ കൊടുത്തുകഴിഞ്ഞു. റിക്കാർട്ടു നശിക്കാത്തവിധത്തിൽ കൊടുത്തുകഴിഞ്ഞു.

മിസ്റ്റർ കെ. എസ്സു്. പണിക്കർ. ചിലടിക്കിൽ റിക്കാർട്ടുകൾ ഗത്യന്തരമില്ലാത്തതിനാൽ താഴത്തിട്ടിരിക്കുകയാണു്.

മിസ്റ്റർ എ. മാധവപ്രഭു. അങ്ങിനെയുള്ള സ്ഥലത്തു് എന്തെങ്കിലും ചെയ്യാം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ. ഇപ്പോൾ കൊല്ലംതോറും ൧൦൦ ക. വീതം ഈ ഇനത്തിൽ കൊടുക്കാമെന്നു ഗവൺമെൻറു് സമ്മതിച്ചിട്ടുണ്ടു്. കുറച്ചു സംഖ്യകൂടി ഇതിലേക്കു് ഇക്കൊല്ലത്തിൽ അനുവദിക്കണം. ഇനിയത്തെകൊല്ലത്തിൽ ൧,൫൦൦ ക. യെങ്കിലും ഇനിയത്തെ ബഡ്ജറിൽ ഉൾപ്പെടുത്തും എന്ന വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപക്ഷേപം നിയമസഭയുടെ അനുവാദത്തോടുകൂടി പിൻവലിച്ചുകൊള്ളുന്നു.

Motion by leave withdrawn

LIBRARY ARCHIVES Kerala Legislative Assembly